# സേവനം ലഭിയ്ക്കാനുള്ള അർഹത

ഒരാൾ തന്റെ സ്ഥലത്തിന്റെ കൈവശ സർട്ടിഫിക്കറ്റ് വാങ്ങാൻ വില്ലേജ് ഓഫീസിൽ പോയി. വില്ലേജ് ഓഫീസർ കൈവശ സർട്ടിഫിക്കറ്റ് കൊടുത്തു. അയാൾക്ക് വരുമാന സർട്ടിഫിക്കറ്റും ആവശ്യമുണ്ടായിരുന്നു. എന്നാൽ താങ്കൾക്കു ഈ വില്ലേജിൽ സ്ഥലമുണ്ടെങ്കിലും താങ്കൾ ഈ വില്ലേജിലെ താമസക്കാരൻ അല്ലാത്തതിനാൽ വരുമാന സർട്ടിഫിക്കറ്റ് ഇവിടെ നിന്ന് അനുവദിക്കാൻ കഴിയില്ല എന്നും താങ്കൾ താമസിച്ചു വരുന്ന വില്ലേജിലെ വില്ലേജ് ഓഫീസിൽ നിന്ന് വരുമാന സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണെന്നും വില്ലേജ് ഓഫീസർ അറിയിച്ചു

ഓഫീസുകളുടെ സേവനപരിധി ചില നിയമങ്ങളുടെ അടിസ്ഥാനത്തിൽ നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. ആ പരിധിയിലുള്ളവർക്കേ ആ ഓഫീസിൽ നിന്നും സേവനം ലഭിക്കുകയുള്ളൂ. ചില സേവനങ്ങൾ ലഭിക്കണമെങ്കിൽ സേവനം ആവശ്യമുള്ള വ്യക്തിയുടെ 'ordinarily resident' എന്ന സ്റ്റാറ്റസും കൂടി പരിഗണിക്കേണ്ടതായിട്ടുണ്ട്. (having jurisdiction over the area where the applicant ordinarly resides)

ഉദാ:- വോട്ടർ പട്ടികയിൽ പേരു ചേർക്കപ്പെടാൻ അർഹനാണോ എന്ന് നിശ്ചയിക്കുന്നതിന്റെ ഒരു മാനദണ്ഡം അയാൾക്ക് ആ സ്ഥലത്തെ ordinarily resident എന്ന സ്റ്റാറ്റസ്സുണ്ടോ എന്നതാണ്.

<u>Ordinarily resident എന്ന സ്റ്റാറ്റസ് എന്താണെന്ന് നിയമത്തിൽ പറയുന്നത് ഇങ്ങനെയാണ് :</u>

"A person is said to be ordinarily resident in a place if he uses that place for sleeping. He need not be eating in that place and may be eating from a place outside. Temporary periods of absence from this ordinary place of stay can be ignored. It is not necessary that the period of stay should be continuous for any particular length of time and should be without any break. Temporary absence on account of duty or employment or even for pleasure should not be considered to interrupt the concept of ordinary residence. " (ഒരാൾ ഏതു സ്ഥലമാണോ സ്ഥിരമായി ഉറങ്ങാൻ ഉപയോഗിക്കുന്നത്, അയാളെ ആ സ്ഥലത്തെ ഒരു സാധാരണ താമസക്കാരൻ (ordinarily resident) എന്നു പറയാം )

ചില സാഹചര്യങ്ങളിൽ Jurisdiction over a subject matter എന്ന വ്യവസ്ഥയും സേവനം ലഭിക്കുന്നതിനുള്ള അർഹത നിശ്ചയിക്കാനുള്ള മാനദണ്ഡങ്ങളായിതീരുന്നതാണ് .

വില്ലേജിലെ റസിഡന്റ് അല്ലാത്ത വ്യക്തിക്ക് വില്ലേജിൽ സ്ഥലമുണ്ടെങ്കിൽ ആ സ്ഥലത്തിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകുന്നത് Jurisdiction over a subject matter എന്ന വ്യവസ്ഥ പ്രകാരമാണ്

**Lalith Babu Palakkad**